**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1994** **20-06-2024 - ൽ മറുപടിയ്ക്ക്**

**ആന്റി റാഗിംഗ് കമ്മിറ്റി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പൂക്കോട് വെറ്ററിനറി സർവ്വകലാശാലാ വിദ്യാർത്ഥി റാഗിംഗിനെ തുടർന്ന് തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിൽ ആന്റി റാഗിംഗ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പൂക്കോട് വെറ്ററിനറി കോളേജിലെ വിദ്യാർത്ഥി, സിദ്ധാർത്ഥൻ. ജെ. എസ് റാഗിങ്ങിനെ തുടർന്ന് തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിൽ കോളേജ് തലത്തിൽ ആന്റി റാഗിംങ് സ്ക്വാഡ് അന്വേഷണം നടത്തി 01.03.2024 തീയ്യതിയിൽ ഇടക്കാല റിപ്പോർട്ടും 22.03.2024 തീയതിയിൽ അന്തിമ റിപ്പോർട്ടും ആന്റി റാഗിങ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ആയത് യഥാക്രമം 01.03.2024, 22.05.2024 തീയതികളിൽ നടന്ന ആന്റി റാഗിങ് മീറ്റിംഗുകളിൽ അംഗീകരിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുള്ള വിദ്യാർത്ഥികൾക്കെതിരെ യു.ജി.സി-യുടെ ആന്റി റാഗിങ് റെഗുലേഷൻസ് 2009 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | റാഗിംഗ് നടത്തിയവർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ; | (ബി) | ആന്റി റാഗിങ് സ്ക്വാഡിന്റെ കോളേജ് തലത്തിലുള്ള അന്വേഷണത്തിൽ സിദ്ധാർത്ഥൻ.ജെ.എസ്-നെ റാഗിങ്ങിന് വിധേയരാക്കിയവർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.ഇതേതുടർന്ന് ആന്റി റാഗിങ് സ്ക്വാഡ് സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള ആന്റി റാഗിങ് കമ്മിറ്റിയുടെ തീരുമാനപ്രകാരം, 19 വിദ്യാർത്ഥികളെ കോളേജിൽ നിന്ന് പുറത്താക്കുകയും മൂന്ന് വർഷത്തേയ്ക്ക് മറ്റേതെങ്കിലും സ്ഥാപനത്തിൽ പ്രവേശനം നേടുന്നതിൽ നിന്ന് ഡീബാർ ചെയ്യുകയും, രണ്ട് വിദ്യാർത്ഥികളെ ഒരു വർഷത്തേയ്ക്ക് സസ്പെൻഡ് ചെയ്യുകയും, 8 വിദ്യാർത്ഥികളെ കോളേജിന്റെ മെൻസ് ഹോസ്റ്റലിൽ നിന്ന് പുറത്താക്കുകയും, രണ്ട് വിദ്യാർത്ഥികളെ തൊട്ടടുത്ത് വരുന്ന ഇന്റേണൽ പരീക്ഷയിൽ നിന്ന് വിലക്കുകയും, 16.02.2024 മുതൽ |

| | | | |
|---|---|---|---|
| | | | 18.02.2024 വരെ മെൻസ് ഹോസ്റ്റലിൽ ഉണ്ടായിരുന്ന എല്ലാ അന്തേവാസികളേയും 04.03.2024 മുതൽ 7 ദിവസത്തേയ്ക്ക് സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | വെറ്ററിനറി സർവ്വകലാശാലയിൽ റാഗിംഗ് നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | പൂക്കോട് വെറ്ററിനറി കോളേജിൽ റാഗിങ്ആവർത്തിക്കാതിരിക്കുന്നതിന് ചുവടെ പരാമർശിച്ചിട്ടുളള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1.കോളേജിനു കീഴിലുള്ള എല്ലാ ഹോസ്റ്റലുകളിലും സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.<br>2.ക്യാമ്പസിലും മറ്റ് സുപ്രധാന ഏരിയകളിലും ഹോസ്റ്റലുകളിലും സി.സി.ടി.വി-കൾ സ്ഥാപിച്ചിട്ടുണ്ട്.<br>3.എല്ലാ ഹോസ്റ്റലുകളിലും റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>4.എല്ലാ ഹോസ്റ്റലുകളിലും നിലവിലുണ്ടായിരുന്ന അസി. വാർഡന്മാരെ മാറ്റി നിയമിക്കുകയും അവർക്ക് വേണ്ടതായ സപ്പോർട്ടിംങ് സ്റ്റാഫുകളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്<br>5.കോളേജിന്റെ ആന്റി റാഗിങ് സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ